അതിനാൽ നഗരത്തിൽ പലേടത്തും റോഡ് കുഴിച്ച് പൈപ്പുകളിട്ടു. ഒററപ്പെട്ടു കിടക്കുന്ന ഈ പൈപ്പുകൾ പരസ്പരം ഘടിപ്പിക്കാനാവുമോ? മലജലം ഒഴുകിപ്പോകാൻവേണ്ട ചെരിവ് നിലനിർത്തിയാണോ ഇവ സ്ഥാപിച്ചിട്ടുള്ളത്? ഇതിനകം ഇവയാകെ മണ്ണും ചെളിയും വന്നുമൂടി ഉപയോഗത്തിനു പററാത്തവ ആയിത്തീർന്നിട്ടില്ലേ? എന്നെങ്കിലുമൊരു കാലത്ത് കൊല്ലം ഡ്രെയ്നേജ് പദ്ധതി നടപ്പിൽവരുമോ?

ഏതായാലും, ഈ ചളിക്കുഴലുകൾക്കു മീതെയാണ് കൊല്ലംനഗരം, ഇപ്പോൾ. ഓരോ വർഷം കഴിയുംതോറും ഭൂമിക്കടിയിലെ ഈ മാലിന്യം ഏറിക്കൊണ്ടിരിക്കും. ഒഴുക്കില്ലാതെ അതു കെട്ടിനിൽക്കുകയാണല്ലോ. ക്രമത്തിൽ, കുടിക്കുന്ന വെള്ളത്തിലൂടെ ഈ ചളിയെല്ലാം നഗരവാസികളുടെ വയററിലും എത്തും.

ഈ ആണ്ടിലെ കോളറ–ഗാസ്ട്രോ എൻടെറിററിസ് സീസൺ കൊല്ലത്ത് അവസാനിച്ചിട്ടില്ല. എങ്കിലും, നാല്–അഞ്ച് ആഴ്ചകൾ കൊണ്ട് അതിന്റെ വാർത്താപ്രാധാന്യം നശിച്ചിരിക്കുന്നു. അടുത്ത ആണ്ടിൽ, കാലവർഷാരംഭത്തോടെ ഈ രോഗങ്ങൾ, നവീകരിച്ച ശക്തിയോടെ വീണ്ടും പ്രത്യക്ഷപ്പെടുമെന്നാണു കരുതേണ്ടത്.

ഇനി ഇക്കാര്യത്തെപ്പററി അപ്പോൾ ആലോചിക്കാം, അല്ലേ?

(6 ഡിസംബർ, 1987)

# 38. സതിയും സ്ത്രീവിദ്യാഭ്യാസവും

രാജസ്ഥാൻ സ്റ്റേററിൽ, ജയ്പൂർ–ദില്ലി റോഡിൽനിന്ന് അമ്പതുമൈൽ അകന്ന്, അജിത്ഗഢ് എന്ന ചെറുനഗരത്തിൽനിന്ന് അഞ്ചു കിലോമീററർ ദൂരത്തിലുള്ള ദേവരാലാ എന്ന ഗ്രാമത്തിൽ, 1987 സെപ്റ്റംബർ 4–ാം തീയതി നടന്ന ഒരു സംഭവം ഇതിനകം ലോകപ്രസിദ്ധിയോ, ലോകകുപ്രസിദ്ധിയോ നേടിക്കഴിഞ്ഞിട്ടുണ്ട്. രൂപ്കൻവർ എന്ന പതിനെട്ടു വയസ്സായ ഒരു പെൺകുട്ടി, തന്റെ ഭർത്താവായിരുന്ന മാൽസിംഹ് എന്ന യുവാവിന്റെ ശവശരീരത്തോടൊപ്പം, അന്നു ചിതയിലെരിഞ്ഞു ചാരവും ഐതിഹ്യവുമായി മാറി.

സുമേർസിംഹ് എന്ന ഒരു അദ്ധ്യാപകന്റെ പുത്രനായിരുന്ന മാൽസിംഹ് 'സീകർ' എന്ന പട്ടണത്തിലുള്ള ആസ്പത്രിയിൽവെച്ചാണ് സെപ്റ്റംബർ 4–ാം തീയതി മരിച്ചത്. 'ഗാസ്ട്രോ എന്റെറൈററിസ്' എന്ന രോഗമായിരുന്നു മരണകാരണമെന്നു ചിലർ പറയുന്നു. മെഡിക്കൽ കോളേജിലേക്കുള്ള എൻട്രൻസ് പരീക്ഷയിൽ രണ്ടാമതും തോററതിനാൽ അയാൾ വിഷം തിന്ന് ആത്മഹത്യചെയ്തതാണെന്നു മററു ചിലരും പറയുന്നു. രൂപ്കൻവറിന്റെ ചിതയേററം സംബന്ധിച്ചുമുണ്ടു വ്യത്യസ്ത വിവരണങ്ങൾ. മാൽസിംഹിന്റെ മൃതദേഹം ആസ്പത്രിയിൽനിന്നു കൊണ്ടുവരുമ്പോൾ ഒപ്പമുണ്ടായിരുന്ന സുമേർസിംഹ് ഏതാണ്ട് അർദ്ധബോധാവസ്ഥയിലായിരുന്നുവത്രേ. ഭർത്താവിന്റെ ശവം കണ്ട രൂപ്കൻവർ രണ്ടു മിനിററു നേരം കരഞ്ഞു; പിന്നെ മിണ്ടാതായി. പിന്നീട് അവൾ, ഭർത്താവിനോടൊപ്പം താൻ ചിതയേറുകയാണെന്നു പ്രഖ്യാപിച്ചു. ബന്ധുക്കൾ വിലക്കിയിട്ടും അവൾ തന്റെ നിശ്ചയത്തിൽനിന്നു വ്യതിചലിച്ചില്ല. വിവാഹവസ്ത്രങ്ങൾ എടുത്തണിഞ്ഞ് രൂപ്കൻവർ ശ്മശാനത്തിലേക്കു ചെന്നു; ചിതയിൽ കയറിയിരുന്ന്

മൽസിംഹിന്റെ തല തന്റെ മടിയിൽവെച്ചു; ചിതയ്ക്കു തീ കൊളുത്തുവാൻ ഭർത്താവിന്റെ അനുജനോടു കല്പിച്ചു. ഇതു് ഒരു വിവരണം. മാൽസിംഹ് മരിച്ചുവെന്നറിഞ്ഞപ്പോൾ, അയാളുടെ അമ്മ സജ്ജാർകൻവർ പുത്രഭാര്യയെ ശകാരിക്കാനും, ഉടന്തടി ചാടുവാൻ അവളെ നിർബന്ധിക്കാനും തുടങ്ങി. അവർ രൂപ്കൻവറിനു് എന്തോ മയക്കമരുന്നു കലക്കി കുടിക്കാൻ കൊടുത്തു. കൊട്ടും വാദ്യവും ആർപ്പുവിളികളുമായി അവളെ ചിതയിലേക്കു നിർബന്ധിച്ചു കൊണ്ടുപോയി. അവളെ ചിതയിൽ തള്ളി വിറകുകൊണ്ടു മൂടി. ചിതയിൽ കൊളുത്തിയ തീ ആദ്യം കെട്ടുപോയി. അപ്പോൾ, ദേഹമാസകലം പൊള്ളിയ രൂപ്കൻവർ നിലവിളിച്ചുകൊണ്ടു പുറത്തുവന്നു. അവളുടെ ബന്ധുക്കൾ വിറകുകൊണ്ടു് തലയ്ക്കടിച്ചു് അവളെ ചിതയിലേക്കെറിഞ്ഞു; വീണ്ടും തീ കൊളുത്തി ദഹിപ്പിക്കുകയുംചെയ്തു. ഇതു് മറ്റൊരു വിവരണം.

ഈ രണ്ടു വിവരണങ്ങൾക്കിടയിൽ സത്യം എവിടെയെന്നു്, ഒരു പക്ഷേ ഒരിക്കലും, നാം അറിയുകയുണ്ടാവില്ല.

ഭർത്താവിന്റെ ശരീരത്തോടൊപ്പം ചിതയേറുന്ന പതിവ്രതകളെ ഇന്ത്യയിലെ ജനസംസ്കാരം എന്നും ആരാധിച്ചുവന്നു. കോവലന്റെ അരുംകൊലയ്ക്കു പകവീട്ടിയശേഷം ഉടലോടെ സ്വർഗംപൂകിയ കണ്ണകി തമിഴർക്കു് 'പത്തിനി ദൈവം' ആകുന്നു. യുദ്ധത്തിൽ മരിച്ച പടയാളികളുടെ പത്നിമാർ കൂട്ടത്തോടെ ചിതയേറുന്ന 'ജൗഹർ' എന്ന സമ്പ്രദായം രാജസ്ഥാനിലുണ്ടായിരുന്നു. അലാവുദീൻ ഖിൽജിയുടെ ആക്രമണകാലത്തു് 'ജൗഹർ' നടത്തിയ പത്മിനീറാണി രാജസ്ഥാനിലെ ഇതിഹാസനായികയാണു്. 1829—ാമാണ്ടിൽ ബ്രിട്ടീഷ് ഗവർണർ ജനറൽ ആയിരുന്ന വില്യം ബെൻറിൻക് നിരോധിച്ചതിനുശേഷവും ഇന്ത്യയിൽ അവിടവിടെ സതി നടന്നുകൊണ്ടിരുന്നു. ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനുശേഷം രാജസ്ഥാൻ സംസ്ഥാനത്തിൽത്തന്നെ ഇരുപത്തെട്ടു് ഉടന്തടിയേറ്റങ്ങൾ നടന്നിട്ടുണ്ടത്രേ. 'സതീസ്ഥല'ങ്ങളിൽ ക്ഷേത്രങ്ങൾ നിർമിച്ചു് അവയിൽ സതിമാരെ കുടിയിരുത്തി പൂജിക്കുന്ന വഴക്കവും ഇന്ത്യയിലുണ്ടു്. ഇത്തരം നൂറ്റിനാല്പതു ക്ഷേത്രങ്ങളാണത്രേ ഇന്ത്യയിലുള്ളതു്. ഇവയിൽ എൺപതു സതീക്ഷേത്രങ്ങളും രാജസ്ഥാനിലാണു്. ചുരുക്കത്തിൽ, രാജസ്ഥാനിലെ (എന്തിനു്, ഇന്ത്യയിലെത്തന്നെ) ഗ്രാമീണരുടെ അബോധമനസ്സിൽ സതിമാരോടുള്ള ആരാധന നിറഞ്ഞുനിൽക്കുന്നു.

സെപ്തംബർ 4—നുശേഷം ഇരുപതുലക്ഷം ഭക്തന്മാർ ദേവരാല ഗ്രാമത്തിലെ സതീസ്ഥലം സന്ദർശിച്ചതായി ഒക്ടോബർ 11—ാം തീയതിയിലെ 'വീക്ക്' വാരികയിൽ ചേർത്ത ഒരു ലേഖനത്തിൽ കാണുന്നു. ഈ സ്ഥലത്തു് ഒരു സതീക്ഷേത്രം നിർമിക്കാൻ ഇരുപത്തൊന്നുലക്ഷം രൂപ പിരിഞ്ഞുകിട്ടി. ഇവിടെ വന്ന വഴിപാടുകൾ വിറ്റു് ഇരുപതു ലക്ഷം രൂപ വേറെയും കിട്ടി. രണ്ടുലക്ഷം തേങ്ങയാണു് ഇവിടെ വഴിപാടായിവന്നതു്; അവ ഓരോന്നും അഞ്ചുരൂപവീതം വിലയ്ക്കുവിറ്റു പോയി. ദേവരാല എന്ന കുഗ്രാമം ഇപ്പോൾ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടനകേന്ദ്രമായിരിക്കുന്നു. രാജപൂത്സഭ, സതീധർമ രക്ഷാസമിതി, ക്ഷത്രിയ ഏകതാസമിതി, രാജപൂത് വിദ്യാർത്ഥി സംഘടന മുതലായ പല സംഘടനകളും സതീധർമപ്രചാരണത്തിനായി രംഗത്തു വരികയോ പുതുതായി രൂപവൽക്കരിക്കപ്പെടുകയോചെയ്തിരിക്കുന്നു.

രൂപ്കൻവർ ചിതയിൽ ദഹിക്കുന്നതു് (അല്ലെങ്കിൽ അവളെ ചിതയിൽ ദഹിപ്പിക്കുന്നതു്) തടയാൻ രാജസ്ഥാൻ ഗവൺമെന്റ് ഒന്നും ചെയ്തില്ല. ഉടന്തടിയേറ്റംനടന്നു് ഏതാനും മണിക്കൂറുകൾക്കു ശേഷമാണു് ഒരു പോലീസുകാരൻ ആ ഗ്രാമം സന്ദർശിച്ചതു്. ചിതാരോഹണ

ത്തിൻെറ പതിമ്മൂന്നാം ദിവസം, വിലകൂടിയ പട്ടുകൊണ്ടു ചിത മൂടുക എന്ന ഒരു ചടങ്ങുണ്ട്. 'ചൂൻരീ' എന്നറിയപ്പെടുന്ന ഈ ചടങ്ങ്, സർക്കാർ നിരോധിച്ചിട്ടും, ആർഭാടമായി നടന്നു.

'സതി' എന്ന പ്രാകൃതമായ ആചാരത്തിനെതിരെ, ഇന്ത്യയിലങ്ങോളമിങ്ങോളം പ്രതിഷേധം ഉയർന്നപ്പോൾ, ഇരുപത്തേഴ ദിവസങ്ങൾക്കശേഷം ഒക്ടോബർ 1—ാം തീയതി ഉടനടിയേററത്തിനു സഹായിക്കുന്നവർക്ക കഠിനശിക്ഷകൾ നൽകുന്നതിനു വ്യവസ്ഥചെയ്യുന്ന 'രാജസ്ഥാൻ സതിനിരോധ ഓർഡിനൻസ് (1987)' രാജസ്ഥാൻ ഗവണ്മെൻറ് പ്രഖ്യാപിച്ചു. ഈ ഓർഡിനൻസിൽ പ്രതിഷേധം രേഖപ്പെടുത്തുന്നതിന് രാജസ്ഥാൻെറ തലസ്ഥാനമായ ജയ്പൂരിൽ ഒക്ടോബർ 8—ാം തീയതി വമ്പിച്ച ഒരു റാലി നടന്നു. രാജസ്ഥാനു പുറമേ ഉത്തരപ്രദേശ്, മധ്യപ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നു് ആയിരക്കണക്കിന് ഗ്രാമീണർ നിരോധകല്പന ലംഘിച്ച് ഈ റാലിയിൽ പങ്കെടുത്തതായി ഒക്ടോബർ 9—ാം തീയതിയിലെ 'ഹിന്ദു' റിപ്പോർട്ട്ചെയ്തിട്ടുണ്ട്. 'സതീമാതാ കീ ജയ്', 'സൂര്യൻ ചന്ദ്രനുമുള്ളൊരുകാലം രൂപ്കൻവാറിൻ പേരും നിൽക്കും' (ജബ്തക് സൂരജ് ചാന്ദ് രഹേഗാ രൂപ്കൻവാർ കാ നാം രഹേഗാ) എന്നീ മുദ്രാവാക്യങ്ങൾ റാലിയിൽ മുഴങ്ങി. റാലിക്ക നേതൃത്വം നൽകിയതു് രൂപ്കൻവാറിൻെറ മാതാപിതാക്കൾ, രാജസ്ഥാൻ ജനതാപാർട്ടി പ്രസിഡൻറ് ശ്രീ കല്യാൺ സിംഹ്കൽവി, രാജസ്ഥാൻ യുവജനതാനേതാവ് ശ്രീ രാജേന്ദ്രസിംഹ്റാഠോർ, യുവജനതാമോർച്ചാനേതാവ് ശ്രീ രാംസിംഹ്മനോഹർ, രാജ്പൂത്സഭാപ്രസിഡൻറ് ശ്രീദേവീ സിംഹ് മാണ്ഡവാ എന്നിവരായിരുന്നുവത്രേ. സതിനിരോധ ഓർഡിനൻസിൻെറ സാധുത സുപ്രീംകോടതിയിൽ ഒരു റിട്ടയേർഡ് ഐ. എ. എസ്. ഉദ്യോഗസ്ഥനായ ശ്രീ ഠാക്കർഓം കാർസിംഹ് ചോദ്യംചെയ്തിട്ടുണ്ട്.

യുദ്ധങ്ങളുടെ ബീജങ്ങൾ മുളയ്ക്കുന്നതു് മനുഷ്യരുടെ മനസ്സുകളിലാകയാൽ, യുദ്ധങ്ങൾ തടയുന്നതിനുള്ള പ്രയത്നങ്ങൾ മനുഷ്യരുടെ മനസ്സുകളിലാണ് ആദ്യമായി നടക്കേണ്ടതു് എന്നതാണല്ലോ 'യുനെസ്കോ' (ഐക്യരാഷ്ട്ര—വിദ്യാഭ്യാസ—ശാസ്ത്ര—സാംസ്കാരിക സംഘടന)യുടെ അടിസ്ഥാനപ്രമാണം. സ്വേച്ഛയനുസരിച്ചോ, നിർബന്ധത്തിനു വഴങ്ങിയോ ഭാര്യ ഭർത്താവിൻെറ ശവത്തോടൊപ്പം കത്തിയെരിഞ്ഞു ചാരമാവുന്നതു് ഒരു പുണ്യകർമ്മമാണെന്നും, ആ കർമ്മം ചെയ്യുന്ന സ്ത്രീ ദേവതയായി മാറുന്നു എന്നുമുള്ള വിശ്വാസം ഇന്ത്യയിലെ അദ്ധശിക്ഷിതരും അശിക്ഷിതരുമായ ജനങ്ങളുടെ മനസ്സുകളിൽ ഇന്നും സജീവമായി നിലനില്ക്കുന്നുണ്ടെന്നു് ഇതുവരെ പ്രസ്താവിച്ച വസ്തുതകളിൽനിന്നു് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു. സതിപോലെയുള്ള മഹത്തപൽകരിക്കപ്പെട്ട ദുരാചാരങ്ങൾ ബലംപ്രയോഗിച്ച് അമർത്തുക പ്രയാസമായിരിക്കും. പ്രത്യേകിച്ചും, ഇന്ത്യയിൽ ഇന്നു നിലനിൽക്കുന്ന ദുർബലമായ ജനാധിപത്യത്തിൻെറ ചട്ടക്കൂട്ടിനകത്തു് സാമൂഹ്യ ദുരാചാരങ്ങൾക്കെതിരെ ബലപ്രയോഗം ഏറെക്കുറെ അസാദ്ധ്യംതന്നെയാണ്. നിയമത്തോടൊപ്പം ഊർജസ്വലങ്ങളായ ബോധവൽക്കരണപരിപാടികൾകൂടിയില്ലെങ്കിൽ, നിയമം പരാജയപ്പെടുകയും ദുരാചാരങ്ങൾ കൂടുതൽ ശക്തിപ്പെടുകയുമാവും ഫലം. നിയമമുപയോഗിച്ചുള്ള മദ്യനിരോധം കള്ളച്ചാരായപ്രളയത്തിൽ രാജ്യത്തെ മുക്കിക്കളഞ്ഞ ഉദാഹരണം, ആർക്കും കാണാവുന്ന വിധത്തിൽ, നമ്മുടെ മുമ്പിലുണ്ടല്ലോ.

ഏതു ബോധവൽക്കരണത്തിൻെറയും പ്രാരംഭം അടിസ്ഥാന സാക്ഷരതയിൽനിന്നാകുന്നു. സ്വാതന്ത്ര്യം ലഭിക്കുന്നകാലത്തു് ഇന്ത്യൻ പൗര

ന്മാരിൽ നൂറിന് പതിനാറോളം (16.6 ശതമാനം) ആളുകളാണ് സാക്ഷരർ ആയിരുന്നത്. സ്വാതന്ത്ര്യത്തിന്റെ നാല്പതുവർഷങ്ങൾക്കു ശേഷം, ഇപ്പോൾ ഇന്ത്യയിൽ നൂറിൽ മുപ്പത്താറ് (36.23 ശതമാനം) പൗരന്മാർ സാക്ഷരരാണെന്ന് സർക്കാർ കണക്കുകളിൽ കാണുന്നു. ഇതിനർത്ഥം നൂറ് ഇന്ത്യൻപൗരന്മാരിൽ അറുപത്തിനാലുപേരും (63.77 ശതമാനം) ഒരുതരം അക്ഷരവും വായിക്കാൻ അറിവില്ലാത്തവർ ആണെന്നത്രേ. ഇവരിൽത്തന്നെ സ്ത്രീകളുടെ സാക്ഷരതാനിരക്ക് പതിനൊന്നു ശതമാനംമുതൽ പതിനഞ്ച് ശതമാനംവരെയാകുന്നു. ആന്ധ്രപ്രദേശ്, അസം, ബീഹാർ, ജമ്മു-കാശ്മീർ, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഒറീസ്സ, ഉത്തർപ്രദേശ്, പടിഞ്ഞാറെ ബംഗാൾ എന്നീ ഒമ്പതു സംസ്ഥാനങ്ങളാണ് സ്ത്രീവിദ്യാഭ്യാസകാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും പിന്നിൽ നിൽക്കുന്നത്. ഈ സംസ്ഥാനങ്ങളിൽ, നൂറു സ്ത്രീകളിൽ എൺപത്തൊമ്പതുമുതൽ എൺപത്തഞ്ചുവരെ അക്ഷരം അറിയാത്തവരാണ്.

ഇന്ത്യയിൽ, ആറുമുതൽ പതിനൊന്നു വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളിൽ മൂന്നിലൊരു ഭാഗംമാത്രമേ പ്രാഥമികസ്കൂളുകളിൽ ഇപ്പോഴും ചേരുന്നുള്ളു. മൂന്നിൽ രണ്ടു ഭാഗം പെൺകുട്ടികളും സ്കൂൾ കാണാതെതന്നെ വളരുന്നു. പ്രാഥമികവിദ്യാലയങ്ങളിൽ അപ്പർപ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്നത്, ആ പ്രായത്തിലുള്ള പെൺകുട്ടികളുടെ അഞ്ചിലൊരു ഭാഗം (ഇരുപതു ശതമാനം) മാത്രമാകുന്നു. പ്രാഥമികവിദ്യാലയങ്ങളിൽ, ഒന്നാംക്ലാസ്സിൽ ചേരുന്ന പെൺകുട്ടികളിൽ നൂറിന് അറുപത്തിരണ്ടു പേരും ആദ്യത്തെ അഞ്ചുവർഷങ്ങൾക്കകം പഠിപ്പു നിർത്തുന്നു. ശേഷിച്ച പെൺകുട്ടികളിൽ മുപ്പത്തിനാലുശതമാനം അപ്പർപ്രൈമറിഘട്ടത്തിൽ സ്കൂൾവിട്ടുപോകുന്നു. ഇതിനർത്ഥം, ഇന്ത്യയിൽ എത്രയോ ചുരുക്കം പെൺകുട്ടികൾമാത്രമേ വായിച്ചു കാര്യം ഗ്രഹിക്കാൻ ആവശ്യമായത്ര സാക്ഷരത്വം നേടുന്നുള്ളു എന്നാണ്.

സ്വാതന്ത്ര്യലാഭത്തിനുശേഷം ഇന്ത്യയിൽ പ്രാഥമികവിദ്യാലയങ്ങളുടെ എണ്ണം മൂന്നിരട്ടിയായിട്ടുണ്ട്. എന്നിട്ടും, പെൺകുട്ടികളെ പഠിപ്പിക്കേണ്ട ആവശ്യമില്ലെന്ന വിചാരമാണ് ശരാശരി ഇന്ത്യൻപൗരന്മാർക്ക് ഇപ്പോഴുമുള്ളത്. ഈ വിചാരത്തിനെതിരെ, ശക്തിയായ ഒരു ജനകീയപ്രസ്ഥാനം ഇനിയും ഇവിടെ ഉടലെടുത്തിട്ടില്ല. കൂടുതൽ അദ്ധ്യാപികമാരെ നിയമിക്കുക, സ്കൂൾസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക, സ്ലേറ്റും പുസ്തകവും സൗജന്യമായി കൊടുക്കുക, പിൻനിലക്കാർക്കു സ്കോളർഷിപ്പ് ഏർപ്പാടുചെയ്യുക മുതലായി പല മാർഗങ്ങളും പ്രാഥമികവിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം പരിപാടികൾക്കായി കേന്ദ്രത്തിലും, സ്റ്റേറ്റുകളിലും, പഞ്ചവത്സരപദ്ധതികളിലും, വാർഷികബജറ്റുകളിലും സാമാന്യം വലിയ തുകകൾ വകയിരുത്താറുമുണ്ട്. പക്ഷേ, ദേശവ്യാപകമായ ഒരു ബോധവൽക്കരണപരിപാടിയുടെ അഭാവത്തിൽ, ഈ ഇനങ്ങളിൽ ചെലവഴിക്കപ്പെടുന്ന പണത്തിൽ ഭൂരിഭാഗവും കൺട്രാക്ടർമാരുടേയും അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടേയും കീശകളിലെത്തുന്നു. ഈ ചെലവിന്റെ ഗുണം അനുഭവിക്കേണ്ട പാവങ്ങൾ, പ്രത്യേകിച്ചു പാവപ്പെട്ട സ്ത്രീകൾ, നിരക്ഷരതയിലും അന്ധവിശ്വാസങ്ങളിലും ആഴ്ന്നുതന്നെ കിടക്കുകയുംചെയ്യുന്നു. ഈ നിരക്ഷരതയിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും എങ്ങനെ മുതലെടുക്കാമെന്നതാണ് നമ്മുടെ മിക്ക രാഷ്ട്രീയകക്ഷികളുടേയും അവയുടെ നേതാക്കന്മാരുടേയും നോട്ടം.

രൂപ്കൻവറിന്റെ ദയനീയമായ മരണത്തെ, കോൺഗ്രസ്പാർട്ടിക്കെതിരായ സമരത്തിൽ ഒരായുധമായി ശ്രീ ഇ. എം. എസ്. നമ്പൂതി

രിപ്പാട് ഉപയോഗിക്കുന്നതു നോക്കുക. ഒക്ടോബർ 10–ാം തീയതിയിലെ മാതൃഭൂമിപത്രത്തിൽ ശ്രീ നമ്പൂതിരിപ്പാട് എഴുതുന്നു:

'ഇപ്പോഠം ഒരു കോൺഗ്രസ് മുഖ്യമന്ത്രിയുടെ 'ഉദാരമായ' ഭരണത്തിൻകീഴിൽ ഇടതുപക്ഷേതരകക്ഷികളുടെ പിന്തുണയോടെ ആ ക്രൂരമായ ആചാരം (സതി) പുനരുദ്ധരിച്ചിരിക്കുകയാണ്. കോൺഗ്രസ് ഭരിക്കുന്ന ഒരു സ്റ്റേററിൽ ഈ ക്രൂരമായ ആചാരം നടത്തിയതും, ഒരു സതീമാതാക്ഷേത്രം പണിയാനുള്ള ശ്രമവും, അതിന്റെ പരിരക്ഷണാർത്ഥം വാളൂരിപ്പിടിച്ച യുവാക്കഠം ചുററിനടക്കുന്നതും, മതഭ്രാന്ത് എത്രത്തോളം തീവ്രമായിട്ടുണ്ടെന്നു കാണിക്കുന്നു. കോൺഗ്രസ് ഭരിക്കുന്ന സ്റ്റേററിലെ മുഖ്യമന്ത്രിയും ഈ കട്ടംകൈയ്യു പിന്നിലുള്ള ചില പ്രതിപക്ഷനേതാക്കളും ഒരു പുതിയ 'ഹൈന്ദവ ഭീന്ദ്രൻവാലേയിസ'ത്തെയാണു വളർത്തുന്നത്. ഇത്തരം ഒരു മനുഷ്യത്വരഹിതമായ പ്രവൃത്തി ചെയ്ത സംഘാടകരെ ഒററതിരിക്കാൻ രാഷ്ട്രീയവും സംഘടനാപരവുമായി ഫലപ്രദമായ നടപടി കൈക്കൊള്ളാത്ത പ്രധാനമന്ത്രിക്ക്, കോൺഗ്രസ്പാർട്ടി പ്രസിഡണ്ടിനു്, രാജ്യത്തിന്റെ അഖണ്ഡതയെ സംരക്ഷിക്കാനാവുമോ?'

ശ്രീ നമ്പൂതിരിപ്പാട് ചൂണ്ടിക്കാട്ടുംപോലെ രൂപ്കൻവറിന്റെ ഉടന്തടിയേററം തടയുന്നതിൽ രാജസ്ഥാൻ ഗവണ്മെൻറ് പരാജയപ്പെട്ടു എന്നതു വാസ്തവമാണ്. അതേസമയം, ഉടന്തടിയേററമെന്ന പൈശാചികതയെ മഹത്ത്വവൽകരിക്കുന്ന അന്ധവിശ്വാസങ്ങഠംക്കെതിരെ, രാജസ്ഥാനിൽ ഒരു ജനകീയപ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ ശ്രീ നമ്പൂതിരിപ്പാടിന്റെ പാർട്ടി വല്ലതും ചെയ്യുന്നുണ്ടോ? ഉദ്ബുദ്ധമായ മാർക്സിസ്റ്റ് പാർട്ടി ഭരണസാരഥ്യം വഹിക്കുമ്പോഴും, എന്തുകൊണ്ട് പടിഞ്ഞാറെ ബംഗാഠം സംസ്ഥാനം സ്ത്രീവിദ്യാഭ്യാസകാര്യത്തിൽ ഏററവും പിന്നിൽനില്ക്കുന്ന ഒമ്പതു് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നായിത്തുടരുന്നു?

ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്, ഇന്ത്യയെ നവീകരിക്കുന്നതിനുള്ള ബൃഹത്തായ സാംസ്കാരിക പ്രസ്ഥാനത്തോടു പൂർണമായും ഏകീഭവിക്കുകയുണ്ടായി. ഗാന്ധിജിയുടെ മരണശേഷം, ഇന്ത്യയിലെ ഏതെങ്കിലുമൊരു രാഷ്ട്രീയപാർട്ടി ഈ സാംസ്കാരിക–ബോധവൽക്കരണ പ്രക്രിയ തുടർന്നു നടത്തുകയുണ്ടായോ? സതി എന്ന ദുരാചാരത്തിന്റെ ഉത്തരവാദിത്തം, കോൺഗ്രസ്പാർട്ടിയുടെ തലയിൽ കെട്ടിവെക്കുമ്പോഠം, ബുദ്ധിമാനായ ശ്രീ നമ്പൂതിരിപ്പാട്, ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയകക്ഷികളുടെ സാംസ്കാരിക പാപ്പരത്തത്തിൽ തന്റെ പാർട്ടിക്കും തനിക്കുംകൂടി ഉത്തരവാദിത്തം ഉണ്ടെന്നു് എന്തുകൊണ്ടു കാണുന്നില്ല?

(8 നവംബർ, 1987)

# 39. സതിയും ദേവദാസിയും

രാജസ്ഥാനിലെ ദേവ്രാലാ ഗ്രാമത്തിൽ 1987 സെപ്റ്റംബർ 4–ാം തീയതി രൂപ്കൻവർ എന്ന യുവതി ഭർത്താവിന്റെ ശവത്തോടൊപ്പം ചിതയിൽ വെന്തെരിഞ്ഞതു് ഇന്ത്യയിൽ പരക്കെ തീക്ഷ്ണങ്ങളായ പ്രതികരണങ്ങഠം ഉളവാക്കി. രൂപ്കൻവർ മരിച്ചതു ബന്ധുക്കളുടെ നിർബന്ധമോ ബലപ്രയോഗമോ മൂലമാണെന്നും, അല്ല, സ്വന്തം ഇഷ്ടപ്രകാരമാണെന്നും രണ്ടുപക്ഷങ്ങളുണ്ട്. രണ്ടായാലും, ഒരു യുവതി തീയിൽ വെന്തെ